(ഡി) ബാക്കിയുള്ള അപേക്ഷകർ എത്രയെന്ന് വിശദമാക്കാമോ ;

(ഇ) എത്ര ഏക്കർ മിച്ചഭൂമി ആ കാലയളവിൽ വിതരണം ചെയ്തുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ—ഇ) വിവരം ശേഖരിച്ചുവരുന്നു.

സർക്കാർ ഭൂമി കയ്യേറിയവരെ ഒഴിപ്പിക്കുന്നതിനെതിരെയുള്ള ഉത്തരവ്

137 [1076] ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം തൈക്കാട് ഗസ്റ്റ് ഹൗസിൽ ഒടുവിൽ ചേർന്ന കളക്ടർമാരുടെ യോഗത്തിൽ ഒരു മാസം മുമ്പ് വരെ സർക്കാർ ഭൂമി കയ്യേറിയവരെ ഒഴിപ്പിക്കാൻ പാടില്ലെന്ന് പുതിയ ഉത്തരവ് ഇറക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഉത്തരവ് നമ്പർ ഏതാണെന്നും ഇതിന്റെ കാരണം എന്താണെന്നും വിശദീകരിക്കുമോ ;

(സി) പഴക്കമുള്ള അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ പാടില്ലെന്ന് പ്രത്യേക ഉത്തരവ് ഉണ്ടോ ; ഉത്തരവ് നമ്പർ ഏതാണ് ;

(ഡി) ഉണ്ടെങ്കിൽ അതിനെക്കുറിച്ച് വിശദമാക്കുമോ ;

(ഇ) ഈ തീരുമാനം എടുത്ത യോഗത്തിൽ ഏതൊക്കെ മന്ത്രിമാർ പങ്കെടുത്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2005 നവംബർ മാസം 24, 25 തീയതികളിൽ തിരുവനന്തപുരം ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ നടന്ന ജില്ലാ കളക്ടർമാരുടെയും വകുപ്പ് തലവൻമാരുടെയും വാർഷിക സമ്മേളനത്തിൽ റോഡ്, വനം, കായൽ തുടങ്ങിയ സർക്കാർ ഭൂമി കൈയ്യേറ്റങ്ങളിൽ ഒരു മാസം വരെ പഴക്കമുള്ള കയ്യേറ്റങ്ങൾ ഒഴിപ്പിക്കുവാനും ഇനി അത് വരാതെ നോക്കാനും നിർദ്ദേശം നൽകിയിരുന്നു. ഉത്തരവൊന്നും ഇറക്കിയിട്ടില്ല.

(ബി) ചോദ്യമുദിക്കുന്നില്ല.

(സി) ഉത്തരവുകളൊന്നും നിലവിലില്ല.

(ഡി) ചോദ്യമുദിക്കുന്നില്ല.

(ഇ) പ്രസ്തുത യോഗത്തിന്റെ നടപടിക്കുറിപ്പിൽ പങ്കെടുത്തവരുടെ ലിസ്റ്റ് ചേർത്തിട്ടില്ല. എന്നാൽ നടപടിക്കുറിപ്പിൽ നിന്നും മുഖ്യമന്ത്രി അദ്ധ്യക്ഷത വഹിക്കുകയും, റവന്യൂ വകുപ്പുമന്ത്രി, വൈദ്യുതി വകുപ്പുമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി എന്നിവർ പങ്കെടുത്തതായും കാണുന്നു.

LIBRARY ARCHIVES Kerala Legislative Assembly